**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5599** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആശുപത്രി ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ല, താലൂക്ക് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും പര്യാപ്തമായത്ര ഡോക്ടർമാർ, നേഴ്സുമാർ തുടങ്ങിയ ജീവനക്കാർ ഇല്ലെന്ന ആക്ഷേപം പരിശോധിച്ചുണ്ടോ; വിശദമാക്കുമോ; | (എ) | ആർദ്രം മാനദണ്ഡ പ്രകാരം ഓരോ തലങ്ങളിലായി ആശുപത്രികളെ പരിവർത്തനം ചെയ്യുകയും, ടി സ്ഥാപനങ്ങളിലേക്ക് മാനവ വിഭവ ശേഷി പ്രദാനം ചെയ്യുകയും ചെയ്തു. പരിവർത്തനം ചെയ്യപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യമായ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തിക ഘട്ടം ഘട്ടമായി സൃഷ്ടിച്ചുവരുന്നു. കൂടാതെ LSGD, NHM, HMC പ്രകാരം ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ആവശ്യകത അനുസരിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് വിദഗ്ധ സേവനം ലഭ്യമാക്കുന്നതിനുവേണ്ടി ജില്ല, താലൂക്ക് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയ ജീവനക്കാരുടെ 4,325 പുതിയ തസ്തികകൾ ആർദ്രം മാനദണ്ഡപ്രകാരം ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പ്രധാന സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് പര്യാപ്തമായത്ര ഡോക്ടർമാർ, നഴ്സുമാർ, തുടങ്ങിയ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനു വേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഒഴിഞ്ഞു കിടക്കുന്ന അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകളെല്ലാം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സിയിൽ നിന്നും നിയമന ശുപാർശ ലഭിയ്ക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. പി.എസ്.സി റാങ്ക് ലിസ്റ്റ് ഇല്ലാത്ത വിഭാഗങ്ങളിൽ കരാർ നിയമനങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനുള്ള നിർദേശങ്ങൾ പ്രിൻസിപ്പാൾമാർക്ക് നൽകിയിട്ടുണ്ട്.<br><br>മെഡിക്കൽ കോളേജിൽ ഒഴിഞ്ഞ് കിടക്കുന്ന അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകൾ താൽക്കാലിക സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 4207 നഴ്സിംഗ് തസ്തികയാണുള്ളത്. പ്രസ്തുത തസ്തികയിലെ ഒഴിവുകൾ എല്ലാം തന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ടു ചെയ്യുകയും പി.എസ്.സിയിൽ നിന്നും നിയമന ശുപാർശ ലഭിയ്ക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തു വരുന്നു. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത കാലയളവിലും പി.എസ്.സി നിയമനം താമസിക്കുന്ന സാഹചര്യങ്ങളിലും ഒരു വർഷത്തേയ്ക്കോ, പി.എസ്.സി നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം എന്ന ക്രമത്തിൽ ഡി.എം.ഇ ബോണ്ട് പോസ്റ്റിംഗ് മുഖേന താൽക്കാലിക നിയമനം നടത്തി നഴ്സിംഗ് ജീവനക്കാരുടെ അപര്യാപ്തത പരിഹരിച്ച് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം സുഗമമാക്കുന്നു. |
| (ബി) | ജീവനക്കാരുടെ അപര്യാപ്തത ആരോഗ്യരംഗത്ത് പ്രതിസന്ധി ഉണ്ടാക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉത്തരം എ പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | രോഗികളുടെ വർദ്ധനവിന് അനുസൃതമായി ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഉത്തരം എ പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ